അഞ്ചലിൽ പുതുതായി ഒരു പോലീസ് സർക്കിൾ ഓഫീസ് അനുവദിക്കുകയുമുണ്ടായി.

76 (1436) പോലീസ് ഡിപ്പാർട്ടുമെന്റിന്റെ സ്റ്റേറ്റ് സ്റ്റാഫ് കൗൺസിൽ യോഗം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ഡിപ്പാർട്ടുമെന്റിന്റെ സ്റ്റേറ്റ് സ്റ്റാഫ് കൗൺസിൽ വർഷത്തിൽ എത്ര തവണയാണ് യോഗം ചേരാറുള്ളത്;

(ബി) ജില്ലാ പോലീസ് ഡിപ്പാർട്ടുമെന്റ് സ്റ്റാഫ് കൗൺസിൽ യോഗങ്ങൾ വർഷത്തിൽ എത്ര തവണ കൂടണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്; ആ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ;

(സി) സംസ്ഥാന ജില്ലാ പോലീസ് കൗൺസിൽ യോഗങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാറുണ്ടോ;

(ഡി) പ്രസ്തുത സ്റ്റാഫ് കൗൺസിലുകളുടെ തീരുമാനങ്ങൾ അടങ്ങുന്ന രേഖയുടെ പകർപ്പ് പോലീസ് സേനയിൽ ഉള്ളവർ അപേക്ഷിച്ചാൽ കൊടുക്കുന്നതിന് വ്യവസ്ഥയുണ്ടോ;

(ഇ) പോലീസ് ഡിപ്പാർട്ടുമെന്റിലെ അച്ചടക്ക നിയമങ്ങൾ പോലീസ് സ്റ്റാൻഡിംഗ് ഓർഡർ തുടങ്ങിയവയിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) വർഷത്തിൽ രണ്ടു തവണ.

(ബി) വർഷത്തിൽ നാലുതവണ (മൂന്ന് മാസത്തിലൊരിക്കൽ) കൂടണമെന്ന് വ്യവസ്തയുണ്ട്. ഇത് പാലിക്കപ്പെടുന്നുണ്ട്.

(സി) നടപ്പിലാക്കാറുണ്ട്.

(ഡി) വ്യവസ്ഥയില്ല.

(ഇ) കേരള പോലീസ് മാനുവൽ പരിഷ്കരിക്കുന്ന നടപടി ഒരു എ.ഡി.ജി.പി.യുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

77 (1437) ടെലിഫോണും വാഹനവും ഇല്ലാത്ത പോലീസ് സ്റ്റേഷനുകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പോലീസ് സ്റ്റേഷനുകൾ ഉണ്ട്;

(ബി) ഈ പോലീസ് സ്റ്റേഷനുകളിൽ എവിടെയൊക്കെ ടെലിഫോൺ, വാഹനം എന്നീ സൗകര്യങ്ങൾ ഇല്ല എന്നുള്ളത് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly